"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കോവിഡ് 19 പശ്ചാത്തലത്തിൽ പ്രവൃത്തി എടുക്കുന്ന തൊഴിലാളികൾക്ക് ആവശ്യമായ ഫെയിസ് മാസ്കും.കൈയ്യുറകളും നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ തനത്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.771/2020/ത.സ്വ.ഭ.വ തീയതി.തിരുവനന്തപുരം, 21/04/2020

---

പരാമർശം:- 1 കേന്ദ്ര ഗ്രാമവികസന വകുപ്പ് സെക്രട്ടറിയുടെ 15.04.2020-ലെ ഡി.ഒ.നം.ജെ.-1106014/2019/RE-VI നമ്പർ കത്ത്

2 കേന്ദ്ര ഗ്രാമവികസന വകുപ്പ് ഡയറക്ടറുടെ 11.04.2020-ലെ ജെ.-1106014/2019/RE-VI നമ്പർ കത്ത്

3 സ.ഉ.(കൈ) നം.78/2020/ജി.എ.ഡി. തീയതി 17.04.2020

4 സ.ഉ.(സാധാ) നം.10/2020/എസ്.പി.ഡി. തീയതി 10.04.2020

5 ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 16.04.2020-ലെ 2165/സി/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ്-19 വ്യാപനം നിയന്ത്രണാധീനമായിട്ടുള്ള പ്രദേശങ്ങളിൽ തൊഴിലാളികൾ സാമൂഹിക അകലം പാലിച്ചും ഫെയിസ് മാസ്ക് നിർബന്ധമായും ധരിച്ചും പ്രവൃത്തി നടത്തണം എന്ന നിബന്ധനയോടെ 20-04-2020 മുതൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവൃത്തികൾ ആരംഭിക്കാൻ പരാമർശം (1) പ്രകാരം കേന്ദ്ര സർക്കാരും പരാമർശം (3) പ്രകാരം സംസ്ഥാന സർക്കാരും അനുവാദം നൽകിയിട്ടുണ്ട്. ഇത്തരം ഫെയിസ് മാസ്കിന്റെ ചെലവ് തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽ നിന്നും വഹിക്കാൻ സാധിക്കില്ല എന്നതിനാൽ തൊഴിലാളികൾക്ക് ആവശ്യമായ ഫെയിസ് മാസ്ക്, കയ്യുറകൾ എന്നിവ കുടുംബശ്രീ അപ്പാരൽ പാർക്ക്/ ചെറുകിട സംരംഭക യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും സംഭരിക്കാനും ഇതിലേക്കാവശ്യമായ തുക ഗ്രാമ പഞ്ചായത്തുകളുടെ തനത്/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപയിൽ അധികരിക്കാതെ ചെലവഴിക്കാനും അനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ ഒരോ ഗ്രാമപഞ്ചായത്തിലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവൃത്തിയിൽ ഏർപ്പെടുന്ന സജീവ തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഒരാളിന് രണ്ടെണ്ണം എന്ന കണക്കിൽ തുണിയിൽ നിർമ്മിച്ച ഇരട്ട ലേയർ ഫെയിസ് മാസ്കുകൾ കുടുംബശ്രീ അപ്പാരൽ പാർക്ക്/ചെറുകിട സംരംഭ യൂണിറ്റുകൾ മുഖേന സംഭരിക്കുന്നതിനും ഇതിലേക്കാവശ്യമായ തുക ഗ്രാമ പഞ്ചായത്തുകളുടെ തനത്/ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപയിൽ അധികരിക്കാതെ ചെലവഴിക്കാനും യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുകുട്ടന് എം എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ (ഐ& പി.ആർ.ഡി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ